ഉത്തരം

(എ) 2012-13-ൽ തെരഞ്ഞെടുത്ത ഏഴിലോട് കോളനിയിൽ ഭവന പുനരുദ്ധാരണം, റോഡ് ടാറിംഗ്, ബയോഗ്യാസ് പ്ലാന്റ്, കമ്മ്യൂണിറ്റി ഹാൾ എന്നിവ പൂർത്തിയായിട്ടുണ്ട്. കുടിവെള്ള പദ്ധതി (മോട്ടോർ സ്ഥാപിക്കുവാനുണ്ട്.) സെമിത്തേരി നവീകരണം (ചുള സ്ഥാപിക്കാനുണ്ട്) എന്നിവ പൂർത്തീകരിക്കുവാനുണ്ട്.

2013-14-ൽ തെരഞ്ഞെടുത്ത മൂലക്കീൽ കോളനിക്ക് ഒന്നാം ഗഡുവായ 25 ലക്ഷം രൂപ ഏജൻസിയായ സിഡ്കോ കോഴിക്കോടിന് അനുവദിച്ചു നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ദുരിതാശ്വാസ നിധി തുക ലഭിക്കാനുള്ള കാലതാമസം

248 (3684) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന തുക ഉത്തരവായി ഡയറക്ടറേറ്റിൽ എത്താൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവിറക്കേണ്ട സെക്ഷനുകളിൽ ടൈപ്പിസ്റ്റുമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ടൈപ്പിസ്റ്റുമാരുടെ ഒഴിവുകൾ നികത്തുന്നതിനും ഉത്തരവുകൾ ഇറക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) സെക്രട്ടറിയേറ്റിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന (എ, എഫ്) വകുപ്പുകളിലാണ് ഈ വിഷയം കൈകാര്യം ചെയ്യുവരുന്നത്. ദുരിതാശ്വാസ

LIBRARY ARCHIVES Kerala Legislative Assembly

നിധിയിലെ തുക വിതരണം ചെയ്യുന്നതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഓരോ സെക്ഷനിലും രണ്ട് (2) ടൈപ്പിസ്റ്റ് തസ്തികകൾ അനുവദിച്ചിരുന്നു. എന്നാൽ "എ" സെക്ഷനിലെ ഒരു ടൈപ്പിസ്റ്റ് തസ്തിക അവിടെനിന്ന് മാറ്റി പൊതുഭരണ വകുപ്പ് ഉത്തരവായ സാഹചര്യത്തിൽ "എ" സെക്ഷനിൽ ഇപ്പോൾ ഒരു ടൈപ്പിസ്റ്റ് തസ്തിക മാത്രമാണുള്ളത്. ഇത് കാലതാമസത്തിന് ഇടയാക്കിയിട്ടുണ്ട്. അതിനൊപ്പം "എ" സെക്ഷനിലെ ടൈപ്പിസ്റ്റ് പ്രൊമോഷനായി പോയതിനുശേഷം പുതിയ ടൈപ്പിസ്റ്റിനെ നിയമിക്കാൻ കാലതാമസം ഉണ്ടായതിനാൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഒരു പുതിയ ടൈപ്പിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഗവൺമെന്റ് ഉത്തരവുകൾ അടിയന്തരമായി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. "എഫ്" സെക്ഷനിൽ നിലവിൽ ഉണ്ടായിരുന്ന രണ്ട് ടൈപ്പിസ്റ്റുമാരിൽ ഒരാൾ ട്രാൻസ്ഫർ ആയി പോയതിനാൽ ഒരു സീറ്റ് ഒഴിഞ്ഞു കിടക്കുകയാണ്. പുതിയ ടൈപ്പിസ്റ്റിനെ ഉടനെ നിയമിക്കണമെന്ന് പൊതുഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ബിരുദാനന്തര ബിരുദ പ്രവേശനത്തിന് സംവരണം

249 (3685) <u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോളേജുകളിൽ ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം അനുവദിച്ച് 23-5-2014-ലെ പിന്നോക്ക സഹായ വികസന വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോളേജുകളിലെ ബിരുദാനന്തര ബിരുദ പ്രവേശനത്തിന് ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സംവരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കോളേജുകളിലേക്കുള്ള പ്രവേശനത്തിനുള്ള പ്രോസ്പെക്ടസുകളിന്മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള സംവരണ വിവരങ്ങൾ ഉൾപ്പെടുത്തിയതായി അറിയാമോ ?

<u>ഉത്തരം</u>

(എ&ബി) പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly